കാസർഗോഡ് ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം

174 (866) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ബാവിക്കര റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം പാതിവഴിയിൽ നിർത്തുവാനുള്ള കാരണം എന്താണ് ;

(ബി) രണ്ട് മാസത്തിനകം ഇതിന്റെ പണി പൂർത്തിയാക്കിയില്ലെങ്കിൽ ഈ വേനൽക്കാലത്തും കാസർഗോഡ് നിവാസികൾക്ക് ഉപ്പുവെള്ളം കുടിക്കേണ്ടി വരുമെന്നകാര്യം ഗൗരവമായി കാണുമോ ; എങ്കിൽ ഇതിനായി എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് ;

(സി) ഇതിന്റെ നിർമ്മാണം തുടങ്ങിയത് ഏത് വർഷമാണ് ; തുടക്കത്തിൽ ഇതിന്റെ നിർമ്മാണ കരാർ തുക എത്രയായിരുന്നു ; എത്ര കരാറുകാർ ഈ പണി ഏറ്റെടുത്ത് പാതിവഴിയിൽ ഉപേക്ഷിച്ചുപോയി ; അതുമൂലം സർക്കാരിനുണ്ടായ നഷ്ടം എത്രയാണ് ; ഇപ്പോൾ ഇതിന്റെ നിർമ്മാണ കരാർ തുക എത്രയാണ് ; പണി പൂർത്തിയാക്കാൻ കരാറുകാരൻനൽകിയ കാലപരിധി എത്രയാണ് ; പണി എപ്പോൾ പൂർത്തിയാക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഇത്തരത്തിൽ അനന്തമായി നീണ്ട മറ്റ് പദ്ധതികൾ ജലവിഭവ വകുപ്പിനുകീഴിൽ ഉണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ) സൈറ്റിൽ ഉണ്ടായ ചില വ്യതിയാനങ്ങൾ കാരണം രൂപകല്പനയിൽ മാറ്റം വരുത്തേണ്ടതായി വന്നു. അതിനാലാണ് പണി നിർത്തിവയ്ക്കേണ്ടി വന്നത്.

(ബി) പുതിയ രൂപകല്പന പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ പ്രവൃത്തി തുടങ്ങിയത് 2005 ജൂലൈ മാസത്തിലാണ്. തുടക്കത്തിൽ അനുവദിച്ച കരാർ തുക 388.73 ലക്ഷം രൂപയായിരുന്നു. ഈ പ്രവൃത്തി ഏറ്റെടുത്തശേഷം ഒരു കരാറുകാരൻ നിർത്തിപ്പോയിട്ടുണ്ട്. അതുമൂലം ഉണ്ടായ നഷ്ടം കൃത്യമായി കണക്കാക്കുവാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ കരാർ തുക 1370.14 ലക്ഷം രൂപയാണ്. നിലവിലുള്ള കരാർ പ്രകാരം ഈ പണി പൂർത്തിയാക്കുന്നതിനുള്ള സമയപരിധി 31-5-2013 ആണ്. റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയാലുടൻതന്നെ പണി ആരംഭിച്ച് എത്രയുംവേഗം പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ചില സാഹചര്യങ്ങളിൽ ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly